## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 907** **04.03.2020-ൽ മറുപടിക്ക്**

## മിനിമം വേതന നിയമത്തിന്റെ പട്ടികയിലുള്ള തൊഴിൽമേഖലകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു. അരുണൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ തൊഴിൽ മേഖലകളെയാണ് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേബിൾ ടി.വി., ചെറുകിട തോട്ടം, മാധ്യമപ്രവർത്തനം, ആയുർവേദം, ഹോമിയോ, ദന്തൽ, പാരമ്പര്യ ചികിത്സ, സിദ്ധ, യുനാനി, മർമ്മ വിഭാഗങ്ങൾ, ആശുപത്രിയോടൊപ്പമല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ തുടങ്ങിയ തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മേൽപ്പറഞ്ഞവയിൽപെടാത്ത മേഖലകളിൽ കൂടി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി കഴിഞ്ഞാൽ മാത്രമേ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ സ്റ്റീൽ കാസ്റ്റിംഗ് ഫാക്ടറി (റ്റി.എം.റ്റി കമ്പി നിർമ്മാണം), എയർപോർട്ട് എന്നീ മേഖലകളെ കൂടി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി മിനിമം വേതനം നിശ്ചയിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.